# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.41** **28.05.2019-ൽ മറുപടിക്ക്**

### ഓൺലൈൻ വകുപ്പുതല പരീക്ഷാ രീതി

**ചോദ്യം** **ഉത്തരം**

**ശ്രീ. എം.ഉമ്മർ** **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ജീവനക്കാരുടെ പ്രമോഷൻ യോഗ്യത നിർണ്ണയത്തിനായുള്ള വകുപ്പുതല പരീക്ഷകൾ ഓൺലൈൻ പരീക്ഷാ രീതിയിൽ നടത്തുവാൻ തീരുമാനിച്ചപ്പോൾ, സർക്കാർ ഇത് സംബന്ധിച്ച് പി.എസ്.സി.യുമായി ആശയവിനിമയം നടത്തിയിരുന്നോ; വിശദമാക്കാമോ; | (എ) | കൂടിയാലോചന നടത്തിയിരുന്നു.സർക്കാർ ജീവനക്കാരായ ഉദ്യോഗാർത്ഥികൾക്ക് KSR Part I Rule 12(7) Note 2 പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് പരീക്ഷാ ദിവസം/ദിവസങ്ങൾ പ്രസ്തുത പരീക്ഷാ കേന്ദ്രത്തിലേക്കും തിരിച്ചുമുള്ള യാത്രക്ക് ആവശ്യമായ സമയം ഉൾപ്പെടെ ഡ്യൂട്ടി ആയി പരിഗണിക്കുവാൻ വ്യവസ്ഥയുണ്ടെന്നും കൂടാതെ അർഹമായ യാത്രാബത്ത സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നിലവിലെ സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതില്ലെന്നും സർക്കാർ പി.എസ്.സി.യെ അറിയിച്ചിരുന്നു. |
| (ബി) | മുൻ രീതിയിൽ നിന്നും വ്യത്യസ്തമായി വകുപ്പുതല പരീക്ഷകളുടെ സമയക്രമത്തിൽ മാറ്റം വരുത്തിയതു മൂലം ഉദ്യോഗസ്ഥരുടെ സേവനം സാധാരണക്കാർക്ക് ലഭ്യമാകാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വകുപ്പുതല പരീക്ഷകളുടെ സമയക്രമത്തിൽ മാറ്റം വരുത്തിയതു മൂലം ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകുന്നില്ല എന്നുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സമയക്രമത്തിലും പരീക്ഷാകേന്ദ്രങ്ങളിലും ഉണ്ടായ അശാസ്ത്രീയമായ പരിഷ്കരണം പരീക്ഷ എഴുതുന്ന ഉദ്യോഗസ്ഥർക്ക് സൃഷ്ടിക്കുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (സി) യും (ഡി) യും | ഇത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ച് ഉദ്യോഗസ്ഥരായ പരീക്ഷാർത്ഥികൾക്ക് OMR പരീക്ഷ നടത്തുക |

| | | | |
|---|---|---|---|
| (ഡി) | ഉണ്ടെങ്കിൽ പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി മുൻകാലത്ത് നിലവിലുണ്ടായിരുന്ന രീതി പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | എന്നതായിരുന്നു മുൻപ് നിലവിലുണ്ടായിരുന്ന രീതി. എന്നാൽ വകുപ്പുതല പരീക്ഷ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയതിനെ തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട കമ്പ്യൂട്ടർ ലാബ് സൗകര്യമുള്ള കോളേജുകളും പി.എസ്.സിയുടെ കീഴിലുള്ള 4 ഓൺലൈൻ സെന്ററുകളിലുമായി പരീക്ഷ നടത്തുന്നു. മേഖലാ അടിസ്ഥാനത്തിലാണ് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. ഓരോ മേഖലയിലും ഉൾപ്പെടുന്ന ജീവനക്കാർക്ക് പരമാവധി അവരുടെ ഓഫീസിന് സമീപത്തുതന്നെ പുതിയ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുവാനായി കമ്പ്യൂട്ടർ ലാബ് സൗകര്യമുള്ള സർക്കാർ സ്ഥാപനങ്ങളുമായി പി.എസ്.സി.ചർച്ച നടത്തി വരുന്നു. തുടർന്നും ഓൺലൈൻ രീതിയിൽ പരീക്ഷ നടത്തുവാനാണ് പി.എസ്.സി. നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ